പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1501

22-03-2013 – ൽ മറുപടിയ്ക്ക്

## പൊന്നാനി കോൾമേഖല കൃഷിയോഗ്യമാക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും ,അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) പൊന്നാനി കോൾമേഖലയിൽ നുണക്കടവ്, മുച്ചിക്കൽ കോൾ നിലങ്ങളുടെ പുറംബണ്ടുകൾ തകർന്ന് വെള്ളം കയറി കൃഷി നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഇത്തരം കർഷകർക്ക് നഷ്ടപരിഹാരവും, കൃഷിസ്ഥലം പൂർവ്വസ്ഥിതിയിലാക്കി കൃഷിയോഗ്യമാക്കുന്നതിന് ധനസഹായവും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) നുണക്കടവ് ബണ്ട് നിർമ്മാണം കെ.എൽ.ഡി.സി വഴി ടെണ്ടർ ചെയ്തിട്ടുള്ളതാണ്. ബണ്ട് പൊട്ടിയപ്പോൾ പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരൻ തന്നെ ബണ്ട് പുനർ നിർമ്മിച്ചിട്ടുണ്ട്. നുണക്കടവ് പാടശേഖരത്തിലെ ബണ്ട് പൊട്ടി തകർന്നതുമൂലം വെള്ളം വാർന്ന് കൃഷി വീണ്ടും ഇറക്കുന്നതിന് കൃഷി വകുപ്പ് ഇതിനോടകം താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>1. 3 ലക്ഷം രൂപ ചെലവിൽ 60 എച്ച്.പി മോട്ടോറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള സഹായം അനുവദിച്ചു.<br>2. സ്ഥിരം വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിലേയ്ക്കായി 1,85,825/- രൂപ അനുവദിച്ചു.<br>3. വീണ്ടും കൃഷി നടത്തുന്നതിനായി 1,78,080/- രൂപ ചെലവിൽ സൗജന്യമായി 6720 കി.ഗ്രാം നെൽവിത്ത് നൽകി.<br>4. കൂടാതെ സുസ്ഥിര നെൽകൃഷി പദ്ധതി |

|  |  |  |  |
|---|---|---|---|
|  |  |  | 2012-13 ൽ നിന്നും വിവിധ ഘട്ടങ്ങൾക്കായി മൊത്തം 3,36,000/- രൂപയുടെ ആനുകൂല്യം നൽകുക, ആർ.കെ.വി.വൈ പദ്ധതി പ്രകാരം 2,52,000/- രൂപയുടെ സഹായം നഷ്ടത്തിനിരയായ കർഷകർക്ക് നൽകുക, മൈക്രോ മാനേജ്മെന്റ് ഇൻ അഗ്രികൾച്ചർ പദ്ധതി പ്രകാരം കുമ്മായം വാങ്ങുന്നതിന് മൊത്തം 42,000/- രൂപയുടെ സഹായം നല്കുക എന്നിവയും ഉൾപ്പെടുന്നു.<br>മുച്ചിക്കൽ കോൾ ബണ്ട് പൊട്ടിയതിൽ താല്കാലികമായി പാടശേഖര സമിതി കേടുപാടുകൾ നികത്തി കൃഷി ചെയ്തുവരുന്നുണ്ട്. പാടശേഖര സമിതിക്ക് വന്ന ചെലവിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രി) മലപ്പുറത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കോൾപാക്കേജിൽ ബണ്ടുകൾ കെട്ടുന്നതിനും, ബലപ്പെടുത്തുന്നതിനും, മുന്തിയ പരിഗണന കൊടുത്ത് ഈവർഷം പൂർത്തിയാക്കുമോ? | (സി) | സമഗ്ര കോൾനില വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ബണ്ടുകൾ സമയബന്ധിതമായി കെട്ടുന്നതിന് മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ